# ഖുര്‍ആന്റെ അധ്യാപനം സത്യവിശ്വാസികള്‍ക്ക്

കഴിഞ്ഞ കുറേക്കാലമായി ശത്രുക്കള്‍ വീണ്ടും തുറന്നനിലയില്‍ ഇസ്‌ലാമിന്റെമേല്‍ ആക്രമണം നടത്തിക്കൊണ്ടിരിക്കുന്ന വിവരം നമുക്കെല്ലാം അറിയുന്നതാണ്. നബി(സ)യുടെയും വിശുദ്ധഖുര്‍ആന്റെയും അതിന്റെ അധ്യാപനങ്ങളുടെയുംമേല്‍ ആക്രമണം തുടര്‍ന്നുവരുന്നു. ഇസ്‌ലാമിനെ മോശമായി ചിത്രീകരിച്ചുകാണിക്കുന്നതിനുള്ള ശ്രമമാണിത്. എന്തിനാണ് ഇസ്‌ലാമിനെ ഇവര്‍ ഇങ്ങനെ മോശമായി ചിത്രീകരിക്കുന്നത്? ഇത് കാലഘട്ടത്തിന്റെ ആവശ്യങ്ങള്‍ നിറവേറ്റിക്കൊടുക്കുന്ന മതമായതുകൊണ്ട് ഇതിനെ താറടിച്ചുകാണിക്കേണ്ടത് ശത്രുക്കളുടെ ആവശ്യമാണ്. വിശുദ്ധഖുര്‍ആന്റെ അധ്യാപനങ്ങള്‍ കണ്ട് ജനങ്ങളുടെ ശ്രദ്ധ ഈ ഭാഗത്തേക്ക് തിരിയാന്‍ തുടങ്ങിയിരിക്കുന്നു. ചില മുസ്‌ലിംകളുടെ പ്രവൃത്തി കണ്ടുകൊണ്ട് ജനങ്ങളില്‍ വിദ്വേഷത്തിന്റെ വികാരവും ചില സ്ഥലത്ത് ഉയരുന്നുണ്ടെന്നത് വേറെ കാര്യം. പക്ഷേ, ഇസ്‌ലാമിന്നെതിരിലുള്ള ശത്രുക്കളുടെ ഈ പ്രവര്‍ത്തനം മതത്തോട് താല്‍പര്യമുള്ളവരെ, അല്ലാഹു വിശുദ്ധഖുര്‍ആനില്‍ പറഞ്ഞ അധ്യാപനങ്ങള്‍ നോക്കിക്കാണുന്നതിലേക്കും അത് മനസ്സിലാക്കുന്നതിലേക്കും പ്രേരിപ്പിക്കുന്നുണ്ട്. ആ അധ്യാപനങ്ങള്‍ യാഥാര്‍ത്ഥ്യം നിറഞ്ഞതും പ്രകൃതിസഹജവുമായിട്ടുള്ളതാണ്. മതത്തിനോട് താല്‍പര്യമുള്ളവരും നിഷ്കളങ്കരുമായിട്ടുള്ളവര്‍ വിശുദ്ധഖുര്‍ആന്‍ പഠിക്കുകയും അതില്‍ ചിന്തിക്കുകയും ചെയ്തുപോന്നിട്ടുണ്ട്. അതിന്റെ പരിഭാഷ വായിക്കുന്നതുകൊണ്ട് അതിന്റെ അഗാധതലത്തിലുള്ള അറിവ് ലഭിക്കുകയില്ലെന്നത് ശരിതന്നെ. അതായത്, വിശുദ്ധഖുര്‍ആനില്‍ അടങ്ങിയിട്ടുള്ള പ്രത്യേക സന്ദേശങ്ങള്‍ മനസ്സിലാക്കാന്‍ പ്രയാസമാണ്. എങ്കിലും അതറിയാനുള്ള അവരുടെ ശ്രമം സ്തുത്യര്‍ഹമാണ്. ചിലര്‍ സല്‍പ്രകൃതക്കാരാണ്. അവര്‍ക്ക് കാര്യങ്ങള്‍ മനസ്സിലാകുകയും ചെയ്യും. കഴിഞ്ഞ ദിവസം പത്രത്തില്‍ ഒരു സ്ത്രീ ഒരു കോളമെഴുതിയിരുന്നു. ഏഡ്‌ലി എന്നാണവരുടെ പേര്. ഉര്‍ദുവിലാണ് അത് പ്രസിദ്ധീകരിച്ചിരുന്നത്. അതുകൊണ്ട് അവരുടെ പേരിന്റെ ഉച്ചാരണം ശരിയാണോ എന്നെനിക്കറിയില്ല. അവര്‍ പത്രപ്രവര്‍ത്തകയായതുകൊണ്ട് അവര്‍ക്ക് അഫ്ഘാനിസ്ഥാനില്‍ പോകേണ്ടിവന്നു. സ്ത്രീകള്‍ക്ക് അവിടെ പോകാന്‍ അനുവാദമുണ്ടായിരുന്നില്ല. എന്തായാലും അവര്‍ പര്‍ദയണിഞ്ഞ് വേഷപ്രച്ഛന്നയായി അവിടെയെത്തി. തന്റെ ജോലിക്കിടെ അവര്‍ പിടിക്കപ്പെട്ടു. അവസാനം ഖുര്‍ആന്‍ പഠിക്കുമെന്ന് വാഗ്ദാനം ചെയ്തതിന്റെ അടിസ്ഥാനത്തില്‍ അവര്‍ മോചിതയായി. അങ്ങനെ അവര്‍ ഇവിടെ തിരിച്ചെത്തി. പക്ഷേ, അവര്‍ ചെയ്ത വാഗ്ദാനം മറന്നുപോയിരുന്നു. എങ്കിലും ഇസ്‌ലാമിന്നെതിരില്‍ ഇവിടെ ആക്ഷേപം ഉയരാന്‍ തുടങ്ങിയപ്പോള്‍ താന്‍ താലിബാന്‍കാരോട് ചെയ്ത വാഗ്ദാനം അവര്‍ക്കോര്‍മ്മവന്നു. അങ്ങനെ ആ സ്ത്രീ വിശുദ്ധഖുര്‍ആന്‍ വാങ്ങുകയും അത് വായിക്കുകയും ചെയ്തു. അപ്പോള്‍ വിശുദ്ധഖുര്‍ആന്‍ സ്ത്രീകളോടുള്ള പെരുമാറ്റത്തെക്കുറിച്ച് പറയുന്നതും ഇസ്‌ലാമിന്റെ വക്താക്കളാണെന്നും അതിനെ സ്നേഹിക്കുന്നവരാണെന്നും പറയുന്ന മുസ്‌ലിംകള്‍ സ്ത്രീകളോട് പെരുമാറുന്നതും തമ്മില്‍ വലിയ വ്യത്യാസമുണ്ടെന്ന് അവര്‍ക്ക് മനസ്സിലായി. എന്തായാലും വിശുദ്ധഖുര്‍ആന്‍ വായിച്ച് അവര്‍ മുസ്‌ലിമായി. മുസ്‌ലിമായപ്പോള്‍ അവരെ എല്ലാവരും വാനോളമുയര്‍ത്തി. ഒരു മുസ്‌ലിം രാഷ്ട്രം, അത് ഖത്തറാണെന്ന് തോന്നുന്നു, അവിടുത്തെ ഒരു പത്രമുടമ അവര്‍ക്ക് ജോലി നല്കി. ഇവര്‍ യൂറോപ്പില്‍ വിദ്യാഭ്യാസം കരസ്ഥമാക്കിയവരാണ്. ഭൗതികമായ വിദ്യാഭ്യാസവും വേണ്ടുംവിധമുണ്ടായിരുന്നു. സത്യത്തെ സത്യമായിത്തന്നെ പറയണമെന്നും സത്യം വെളിപ്പെടുത്തണമെന്നുമുള്ള പോളിസിയില്‍ അവര്‍ ഉറച്ചുനിന്നു. എത്ര വലിയ ആളാണെങ്കിലും സത്യം പറയുന്നതില്‍ അറച്ചുനില്ക്കാന്‍ പാടില്ലെന്ന നയമാണ് അവര്‍ സ്വീകരിച്ചത്. അതുകൊണ്ട് പത്രമുടമയും അവരും തമ്മില്‍ അഭിപ്രായവ്യത്യാസമുണ്ടായി. അങ്ങനെ അവരെ ജോലിയില്‍ നിന്ന് പിരിച്ചുവിട്ടു. പക്ഷേ, അവര്‍ പത്രമുടമയ്ക്കെതിരെ കേസ് കൊടുക്കുകയും സത്യത്തിനു വേണ്ടി പോരാടുകയും ചെയ്തു. സ്ത്രീകളുടെ അവകാശം ഇന്നതാണെന്നും പത്രധര്‍മ്മം ഇന്നതാണെന്നുമൊക്കെ അവര്‍ കോടതിയെ ബോധിപ്പിച്ചു. അവസാനം അവര്‍ കേസ് ജയിച്ചു.

പിന്നീട് വേറൊരു സ്ഥലത്ത് അവര്‍ക്ക് ജോലി കിട്ടി. മുകളില്‍ പറഞ്ഞ അതേ കാരണത്താല്‍ അവിടെനിന്നും പുറത്താക്കപ്പെട്ടു. അവര്‍ക്കെതിരിലും ആ സ്ത്രീ കേസ് കൊടുക്കുകയും സത്യത്തിനുവേണ്ടി പോരാടുകയും ചെയ്തു. ആ കേസിലും അവര്‍ വിജയിച്ചു. മുസ്‌ലിം സ്ത്രീയുടെ അവകാശങ്ങളും, ഒരു മുസല്‍മാന്റെ അവകാശങ്ങളും ഇസ്‌ലാം ഭരണകൂടം നിറവേറ്റണമെന്നതാണവരുടെ വാദം. എന്തായാലും താന്‍ കൊടുത്ത കേസുകളിലെല്ലാം അവര്‍ വിജയം നേടി. തല്‍ഫലമായി അവരുടെ വിശ്വാസവും ദൃഢീകരിച്ചുവന്നു.

പറഞ്ഞതിന്റെ ഉദ്ദേശ്യം ഇതാണ്. വിശുദ്ധഖുര്‍ആന്റെ അധ്യാപനങ്ങള്‍ മനസ്സിലാക്കിയ കാരണത്താല്‍ ആ സ്ത്രീക്ക് അതിലുള്ള വിശ്വാസം വര്‍ദ്ധിച്ചു. പല അനുഭവങ്ങളുമുണ്ടായിട്ടും അവരതിനെയെല്ലാം എതിര്‍ത്തു

കൊണ്ട് മുന്നോട്ടുനീങ്ങി. പക്ഷേ, ആ സ്ത്രീ വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ മോശമാണെന്ന് പറഞ്ഞില്ല. മറിച്ച്, ആ അധ്യാപനങ്ങൾക്കെതിരെ പ്രവർത്തിച്ചിരുന്നവരോടാണ് അവർ പോരാടിയത്. ഇത്തരത്തിലുള്ള ഉദാഹരണങ്ങൾ, ഇസ്‌ലാമിന്റെ ശത്രുക്കൾ കാണുമ്പോൾ അവരിൽ ആശങ്കയുണ്ടാകുക എന്നത് സ്വാഭാവികമാണ്. അവർക്ക് അവരുടെ മതവുമായിട്ട് ബന്ധമുണ്ടായാലും ഇല്ലെങ്കിലും ശരി. പക്ഷേ, ഇസ്‌ലാമിനോടുള്ള വിരോധം തരംതാണനിലയിലുള്ള പ്രവർത്തികൾക്കുപോലും അവരെ പ്രേരിപ്പിക്കുന്നു. ഇതൊരു പുതിയ കാര്യമല്ല. നബിമാരുടെ ജമാഅത്തുകളോട് ആദ്യം മുതലേ നടന്നുവന്നിട്ടുള്ളതാണിത്. ഇസ്‌ലാം ആഗോള മതമാണ്. അതുകൊണ്ടുതന്നെ അതിനോടാണ് ഏറ്റവുമധികം ഇത്തരത്തിലുള്ള പ്രവർത്തികൾ കാണിക്കുന്നത്.

മക്കയിൽ നബി(സ)യോടൊപ്പം കുറച്ചാളുകളുണ്ടായിരുന്നപ്പോൾ സത്യനിഷേധികൾ പരിഹസിക്കാനും അവഹേളിക്കാനും തുടങ്ങിയിരുന്നു. പിന്നീട് വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ സത്യാത്മാക്കളുടെമേൽ അതിന്റെ സ്വാധീനം ചെലുത്താൻ തുടങ്ങിയപ്പോൾ എതിരാളികൾക്ക് ആശങ്കയുണ്ടാകാൻ തുടങ്ങി. അങ്ങനെ എതിർപ്പിന് തുടക്കം കുറിച്ചു. നബി(സ) തിരുമേനിയെ വധിക്കാനായി വന്ന അതേ ഉമർ, വിശുദ്ധഖുർആന്റെ വചനം കേട്ട് എത്രമാത്രം ആകർഷിക്കപ്പെട്ടുവെന്നുവെച്ചാൽ, തന്റെ ശിരസ്സ് ആ മഹാത്മാവിന്റെ കാൽപാദത്തിങ്കൽ കൊണ്ടുവന്നുവച്ചു. അല്ലാഹു അദ്ദേഹത്തിന് വലിയ വലിയ സ്ഥാനങ്ങൾ നല്കി. ഖുലഫാഉർറാശിദീങ്ങളിൽ രണ്ടാമത്തെ ഖലീഫയായി. ഇതെല്ലാം എതിരാളികൾ കണ്ടിട്ട്, ഈ സംഘം അല്പകാലത്തിനുള്ളിൽ തങ്ങളുടെ പട്ടണം പിടിച്ചെടുക്കുമെന്ന് ശത്രുക്കൾക്ക് തോന്നി. മക്കയുടെ അനുഗ്രഹം കാരണത്താൽ തങ്ങൾക്ക് ലഭിച്ച സ്ഥാനമാനങ്ങൾ അവസാനിക്കുമെന്നും അവർ കരുതി. എന്നുമാത്രമല്ല തങ്ങളുടെ കുട്ടികളേയും ഇക്കൂട്ടർ തട്ടിയെടുക്കുമെന്ന് അവർ മനസ്സിലാക്കി.

പിന്നീട് ഇസ്‌ലാമിന്റെ സന്ദേശം കൂടുതൽ പ്രചരിച്ചു. നബി(സ) തിരുമേനി മദീനയിലേക്ക് പോയി. അവിടെയും ഇസ്‌ലാമിന്റെ സന്ദേശം പ്രചരിക്കാൻ തുടങ്ങി. തങ്ങളുടെ കുട്ടികളേയും ഇസ്‌ലാം തട്ടിയെടുക്കാൻ ഇടയുണ്ടെന്ന് യഹൂദികളും മനസ്സിലാക്കി. തുടർന്ന് ഇസ്‌ലാം കൂടുതൽ വ്യാപിച്ചു. അപ്പോൾ കിസ്റാ കൈസറിന്റെ ഭരണകൂടങ്ങളിലും അത് അസ്വസ്ഥത ഉളവാക്കി. അവരും ഇസ്‌ലാമിന്നെതിരിൽ അണിനിരക്കാൻ തുടങ്ങി. ഇന്ന് ലോകത്തുള്ള ഇഹഭോഗതല്പരരായ എല്ലാ നേതാക്കന്മാരും ലോകത്തെ, ഇസ്‌ലാം കീഴടക്കിക്കളയുമോ എന്ന് ഭയന്ന് അതിനെ എതിർക്കുമ്പോൾ അവരിൽതന്നെയുള്ള മാന്യമാർ അതിനെതിരെ ശബ്ദമുയർത്തുകയാണ്. ഇസ്‌ലാമിന്നെതിരിൽ യൂറോപ്പിൽ ഉയരുന്ന ശബ്ദം എല്ലാ യൂറോപ്യൻകാരന്റേതുമാണെന്ന് മനസ്സിലാക്കാറുണ്ട്. എന്നാൽ, അങ്ങനെയല്ല അവസ്ഥ. യൂറോപ്യൻകാരെല്ലാം ഇസ്‌ലാമിനെ എതിർക്കുന്നവരല്ല. ഇവരിലും നല്ലൊരു വിഭാഗം ഇത്തരം എതിർപ്പുകൾ ഇഷ്ടപ്പെടാത്തവരാണ്. ഉദാഹരണത്തിന്, കഴിഞ്ഞ ദിവസം നബി(സ)യുടെ വ്യക്തിത്വത്തിനുമേൽ ആക്രമണം നടത്തിയപ്പോൾ അതിന്നെതിരിൽ ഡന്മാർക്കിലെ തദ്ദേശവാസികൾ ശബ്ദമുയർത്തുകയുണ്ടായി. ഈ ചെയ്തുകൂട്ടുന്നതൊക്കെ തരംതാണതും സംസ്കാരശൂന്യവുമായ പ്രവർത്തികളാണെന്ന് അവർ തുറന്നു പ്രഖ്യാപിച്ചു. ഞാൻ ഒരു ഖുത്ബയിൽ വിവരിച്ച അതേ പ്രശ്നങ്ങൾതന്നെ അവരും ഉന്നയിച്ചു. കൊലപാതകി പിടിക്കപ്പെട്ട സ്ഥിതിക്ക് പിന്നെ കാർട്ടൂൺ പ്രസിദ്ധീകരിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. കേസുകളൊന്നും നടത്താതെ രണ്ടുപേരെ നാടുകടത്തി. ഒരാളെ മോചിപ്പിക്കുകയും ചെയ്തു. ഇതിന്റെ അർത്ഥം പിന്നീട് ഒരു പ്രശ്നവും ഉണ്ടായിരുന്നില്ലെന്നാണ്. എന്തായാലും ഞാൻ പറഞ്ഞതുപോലെ, ഉയരുന്ന ശബ്ദങ്ങളിൽ മാന്യന്മാരുടെ ശബ്ദവും കേൾക്കാം.

നമ്മുടെ മിഷണറിയുമായി ടി.വി ചാനലുകാർ അഭിമുഖം നടത്തി. അതവർ സംപ്രേഷണം ചെയ്തു. അവരിലൊരു പത്രപ്രവർത്തകയുമുണ്ടായിരുന്നു. അവർ ടി.വി ചാനൽ പ്രവർത്തകരുടെ മുമ്പിൽ ഇത്തരം പ്രവർത്തിയെ അപലപിക്കുകയും ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. ഈ കാർട്ടൂൺ പ്രസിദ്ധീകരിക്കുന്നതിനു മുമ്പേ താൻ ഡാനിഷുകാരിയാണെന്ന് വിദേശികളോട് അന്തസ്സോടെ പറഞ്ഞിരുന്നുവെന്നും എന്നാൽ, ഇപ്പോൾ അത് പറയാൻ തനിക്ക് ലജ്ജ തോന്നുന്നുവെന്നും അവർ പറഞ്ഞു.

ഞാൻ ഡന്മാർക്കിൽനിന്ന് ഇത് സംബന്ധമായ റിപ്പോർട്ട് വരുത്തിച്ചിരുന്നു. ആ റിപ്പോർട്ടുകളിൽ ചിലത് ഇപ്രകാരമാണ്: വീണ്ടും കാർട്ടൂൺ പ്രസിദ്ധീകരിച്ചതിന്റെ ഫലമായി ഡാനിഷ് ജനതയിൽ ഒരു വിഷമകരമായ സ്ഥിതിയുണ്ടായിരിക്കുന്നു. കാർട്ടൂണിന്റെ പ്രസിദ്ധീകരണം വെറും പ്രകോപനമുണ്ടാക്കാനാണെന്നവർ പറയുന്നു. പത്രങ്ങളിലും ഇന്റർനെറ്റിലും വ്യക്തവും അവ്യക്തവുമായ നിലയിൽ ഇക്കാര്യം പ്രകടിപ്പിച്ചതായി കാണാം. ഇന്റർനെറ്റിൽ ഒരു പ്രസിദ്ധ ഗ്രൂപ്പുണ്ട്. അതിന്റെ പേര് ഫെയ്സ് ബുക്ക് എന്നാണ്. അവർ നബി(സ)യ്ക്കെതിരിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആക്ഷേപങ്ങൾക്കെതിരിൽ ജനങ്ങൾക്ക് ഖേദം പ്രകടിപ്പിക്കാൻ അവസരമൊരുക്കിയിരിക്കുന്നു. ഇതേവരെ ആറായിരത്തിലേറെ ആളുകൾ അതിൽ പങ്കെടുത്തുകഴിഞ്ഞു. ഇതിന്നെതിരിൽ മറ്റൊരു സംഘവുമുണ്ട്. പക്ഷേ, അവരുടെ അംഗസംഖ്യ നന്നേ കുറവാണ്. ഒരു സാഹിബ് എഴുതി: ഡന്മാർക്ക് എവിടെയാണ്? ഒരുഭാഗത്ത് നാം ഇറാക്കിലേയും അഫ്ഘാനിലേയും മുസ്‌ലിംകളെ സഹായിക്കാൻ സൈന്യത്തെ അയക്കുന്നു. മറുഭാഗത്ത് ഇവിടെ കാർട്ടൂൺ പ്രസിദ്ധീകരിച്ച് മുസ്‌ലിംകളുടെ വികാരത്തെ

വ്രണപ്പെടുത്തുന്നു.

പിന്നീടൊരാൾ മുന്നറിയിപ്പെന്ന നിലയിൽ എഴുതിയിരിക്കുന്നു: മോറൽ നല്ല കാര്യമാണ്. പക്ഷേ, ഡബിൾ മോറൽ അതിനേക്കാൾ നല്ലതായിരിക്കും. പിന്നീട് എഴുതുന്നു, ഈ ദിനങ്ങളിൽ ഡാനിഷുകാരൻ എന്നു പറയാൻ എനിക്ക് ലജ്ജതോന്നുന്നു. ഈ ഗ്രൂപ്പിലുള്ള അധികമാളുകളും എന്നെപ്പോലെ ലജ്ജിക്കുന്നവരാണെന്ന് ഞാൻ മനസ്സിലാക്കുന്നു. വേറൊരാൾ എഴുതിയിരിക്കുന്നു: ഡാനിഷ് മാധ്യമപ്രവർത്തകർ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥമായ അവസ്ഥ മുന്നിൽ കണ്ടുകൊണ്ട് ഭാവിയിൽ കടലാസും പേനയും മഷിയും നല്ലവണ്ണം ചിന്തിച്ചും ആലോചിച്ചും ഉപയോഗിക്കാൻ ശ്രമിക്കുമെന്ന് ഞാൻ കരുതുന്നു. ഒരാൾ എഴുതി: ആവിഷ്കാര സ്വാതന്ത്ര്യത്തെ തെറ്റായ നിലയിൽ ഉപയോഗിക്കുകയാണിവിടെ. **എവിഡൻ ഡീകെ** എന്ന പത്രത്തിന് കൂടുതൽ ജനപ്രീതിയുണ്ട്. ഫെബ്രുവരി 25-ലെ പത്രത്തിലെഴുതി: എനിക്ക് മുഹമ്മദ്(സ)നെക്കുറിച്ച് വരച്ച കാർട്ടൂണിന്നെതിരിൽ പ്രതികരിക്കാൻ അനുവാദം നല്കുക. എന്റെ അഭിപ്രായത്തിൽ ഇത് മൃഗീയവും വൃത്തികെട്ടതുമായ പ്രവർത്തിയാണ്. ഏതെങ്കിലും അയൽവാസിയുടെ കാർട്ടൂൺ വരച്ച് അയാൾ കാണും വിധം സ്വന്തം വീട്ടിനു മുമ്പിൽ തൂക്കിയിടുന്നതും കപടപരമായ നിലയിൽ താൻ തന്റെ അയൽവാസിയെ സ്നേഹിക്കുന്നു എന്ന് പറയുന്നതും വലിയ അക്രമമാണ്.

ഒരു പത്രമെഴുതിയത്, അയൽവാസിക്ക് വേദനയുണ്ടാക്കുന്ന പ്രവൃത്തി ചെയ്യുന്നത് എന്നും മോശമാണെന്നാണ്. ഇസ്ലാമിന്നെതിരിൽ വല്ലപ്പോഴും എന്തെങ്കിലും പറയുന്നതുപോലെയല്ല ഇത്. ഇങ്ങനെ പ്രസിദ്ധീകരിക്കുന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഒരു കൂട്ടരെ വിഷമിപ്പിക്കുക എന്നതു മാത്രമാണ്. **കിസ്റ്റലിക് ഡണ്ട്ബെഗ്** എന്ന ഒരു മതപത്രത്തിൽ ഡാനിഷുകാരൻ എഴുതുന്നു. ആവിഷ്കാര സ്വാതന്ത്ര്യത്തിന് ഭീഷണി മുസ്ലിംകളിൽ നിന്നല്ല. മറിച്ച്, മാധ്യമ പ്രവർത്തകരിൽനിന്നാണ്. മന്ത്രിമാരിൽനിന്നും രാഷ്ട്രീയക്കാരിൽനിന്നുമാണ്. കാരണം അവർ മുസ്ലിംകൾക്ക് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ അവകാശം വകവെച്ചുകൊടുക്കാൻ തയ്യാറല്ല.

ക്രിസ്തീയ വർക്കിംഗ് കമ്മറ്റിയുടെ അംഗം എഴുതുന്നു: ബൈബിൾ വചനം ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം അത് പ്രകടിപ്പിച്ചിട്ടുള്ളത്. കാർട്ടൂൺ പ്രസിദ്ധീകരിക്കുന്നത് ക്രിസ്തീയ പാഠങ്ങൾക്ക് തികച്ചും വിരുദ്ധമാണ്. അത്തരം പ്രവർത്തികളെ വിഡ്ഢിത്തം എന്ന പേരിൽ മാത്രമേ വിളിക്കാൻ കഴിയുകയുള്ളൂ. ഡാനിഷിൽ ഒരു പഴഞ്ചൊല്ലുണ്ട്. 'ദൈവം ആർക്കെങ്കിലും ഒരു സ്ഥാനം നല്കിയാൽ അവന് വിവേകബുദ്ധിയും നല്കുന്നു. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ കണ്ടിട്ട് ഇവരിൽ ബുദ്ധി കുറഞ്ഞുപോയതായിട്ടാണ് തോന്നുന്നത്.

ഇങ്ങനെ പലരും കാര്യങ്ങൾ വെട്ടിത്തുറന്ന് പറഞ്ഞിട്ടുണ്ട്. ഇസ്ലാമിന്നെതിരിലുള്ള ഈ നടപടിയിൽ മാന്യന്മാരായ അധികമാളുകളും പങ്കെടുത്തിട്ടില്ലെന്ന് ഈ പത്രകോളങ്ങളിൽനിന്നൊക്കെ മനസ്സിലാകുന്നു. എന്നാൽ, ഒന്നോ രണ്ടോ കാർട്ടൂണിസ്റ്റുകളും ചില പാർലമെന്റംഗങ്ങളും രാഷ്ട്രീയ നേതാക്കന്മാരാകാൻ കൊതിക്കുന്ന ചിലരും മാത്രമല്ല ഇതിന്റെ പിന്നിലുള്ളത്. മറിച്ച്, ഇതിന്റെ പിന്നിൽ ആഴമേറിയ ഗൂഢപദ്ധതിയാണുള്ളത്. വൻശക്തികളാണ് പ്രവർത്തിക്കുന്നത്. അവർ ഇസ്ലാമിന്റെ മനോഹരമായ അധ്യാപനങ്ങളെ ഭയക്കുന്നവരാണ്. സാധാരണക്കാർ അതിന്റെ അധ്യാപനങ്ങൾ മനസ്സിലാക്കരുതെന്നാണ് അവർ ആഗ്രഹിക്കുന്നത്. മതത്തിന്റെ പേരിൽ തങ്ങളുടെ നേട്ടം ആഗ്രഹിക്കുന്നവരാണിവർ. 15 നൂറ്റാണ്ടായി നിലനിന്നുവരുന്ന ഇസ്ലാമിന്നെതിരിലുള്ള ഉള്ളിലിരിപ്പ് ആസൂത്രിതമായി അവർ പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ എല്ലാ വിഭാഗം ആളുകളും ചേർന്നിട്ടുണ്ട്. അല്ലാഹുവിന്നെതിരിൽ ആളുകളെ എഴുന്നേല്പിച്ചുനിറുത്തി അവരെക്കൊണ്ട് അന്യാരാധന ചെയ്യിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണിവർ. ഇക്കാരണങ്ങൾ കൊണ്ടുതന്നെയാണ് എല്ലാവിധ സമ്മർദ്ദങ്ങളും ചെലുത്തി നമ്മുടെ അൽ അറബിയാ ചാനൽ നിറുത്താൻ ശ്രമിച്ചത്. അതിന്റെ പിന്നിൽ ക്രിസ്ത്യാനികളുടെ വളരെ വലിയ കൈയാണുള്ളത്. വമ്പൻ സർക്കാരുകൾ മുഖേനയാണ് അവർ ഇടപെട്ടത്.

അത്തരക്കാർക്ക് അന്യാരാധനയിൽനിന്നും വിമുക്തമായി നില്ക്കുന്ന സുന്ദരമായ ഇസ്ലാമികാധ്യാപനം എങ്ങനെ സഹിക്കാനാണ്? ഇക്കൂട്ടർ മതത്തെയും രാഷ്ട്രീയത്തെയും മറയാക്കി ലോകത്തിന്റെ അഗ്രസ്ഥാനത്തെത്താനും ആരാധ്യരായിത്തീരാനും അധികാരിയായി മാറാനും രക്ഷിതാവാകാനും പരിശ്രമിക്കുകയാണ്. ഈ വമ്പൻ ബുദ്ധിയാണ് ഇസ്ലാമിന്നെതിരിലുള്ള ഗൂഢാലോചനയിൽ മുഴുകിയിരിക്കുന്നത്. ഇസ്ലാം ലോകത്ത് വ്യാപിച്ചുകഴിഞ്ഞാൽ മറ്റു മതങ്ങൾക്ക് നില്ക്കക്കള്ളിയുണ്ടാകില്ലെന്ന് ഇവർക്കറിയാം. പക്ഷേ, ഇതവരുടെ ചിന്താഗതിയാണ്. അവർക്കിഷ്ടമുള്ളത് അവർ ചെയ്തുകൊള്ളട്ടെ. ഇസ്ലാം ലോകത്ത് വ്യാപിക്കണമെന്ന കാര്യം വിധിക്കപ്പെട്ടുപോയതാണ്. ഇൻശാ അല്ലാഹ് അത് ലോകം മുഴുവൻ വ്യാപിക്കുകതന്നെ ചെയ്യും. പക്ഷേ, ഏതെങ്കിലും രീതിയിലുള്ള ഭീകരപ്രവർത്തനമോ, കുത്സിതശ്രമമോ കൊണ്ടല്ല, മറിച്ച് മസീഹും മഹ്ദിയും മുഖേന അത് വ്യാപിക്കുന്നതാണ്. വിശുദ്ധഖുർആനിൽ സ്നേഹവും സൗഖ്യവും പ്രചരിപ്പിക്കുന്നതിനു വേണ്ടി നല്കപ്പെട്ട അധ്യാപനങ്ങൾ മുഖേനയും പ്രകൃതിമതത്തിന്റെ പ്രകടനം മുഖേനയും അത് നാലുപാടും പരക്കുന്നതാണ്. അതുകൊണ്ട് നമ്മൾ ഓരോരുത്തരും ഈ സന്ദേശം കൂടുതൽ കൂടുതൽ വ്യാപിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. ഇവർ ഈ പത്രങ്ങളിലൂടെ അതിനെ തടയിടാൻ എത്ര വേണമെ

ങ്കിലും ശ്രമിച്ചുകൊള്ളട്ടെ. അല്ലെങ്കിൽ ഇവരുടെ പാർല മെന്റംഗങ്ങളോ ഭരണകൂടങ്ങളോ മറ്റു മതനേതാക്ക ന്മാരോ അവരുടെ കഴിവിന്റെ പരമാവധി ശ്രമിച്ചുനോ ക്കട്ടെ. എന്തായാലും അല്ലാഹു വിധിച്ചിരിക്കുന്നത് ഒരി ക്കലും നിലച്ചുപോകുകയില്ല.

കഴിഞ്ഞദിവസം ഹോളണ്ടിലെ ഒരു പാർലമെന്റംഗം സ്വന്തം പാർട്ടിയുണ്ടാക്കുന്ന തിരക്കിലാണെന്ന് പത്ര ത്തിൽ കണ്ടു. ഇസ്‌ലാമിന്നെതിരിൽ ശബ്ദമുയർത്തിയ കാരണത്താൽ അയാളുടെ പാർട്ടി അയാളെ പുറത്താ ക്കിയതാണ്. കാരണം മുസ്‌ലിംകൾക്കെതിരിൽ വിദ്വേഷം വെച്ചുപുലർത്തുന്നയാളാണയാൾ. ഇസ്‌ലാമിന്നെതി രിലും കോപാന്ധനാണ്. അയാൾ നബി(സ)യ്ക്കെതി രിൽ ഒരു പ്രസ്താവന ഇറക്കി. അത് വളരെ നിന്ദിക്കുന്ന തരത്തിലായിരുന്നു. അതിപ്പോൾ എടുത്തുപറയേണ്ട കാര്യമില്ല. വിശുദ്ധഖുർആനെ നിന്ദിച്ചും അപമാനിച്ചും കൊണ്ട് അയാൾ ഇറക്കിയ പ്രസ്താവന ഇസ്‌ലാമിനോ ടുള്ള ശത്രുത ഇവരിൽ എത്രമാത്രം വളർന്നിരിക്കുന്നു വെന്ന് തെളിയിക്കുന്നതാണ്. ഡെന്മാർക്കിൽ പ്രസിദ്ധീ കരിച്ച കാർട്ടൂൺ തങ്ങളുടെ വെബ്സൈറ്റിലും ഇവരെ ടുത്തു ചേർത്തു. എന്നിട്ടതിനെ ഒരുപാട് പുകഴ്ത്തി. എന്തായാലും അല്ലാഹുതന്നെ ഇവരെ പിടിച്ചുകൊള്ളും. വിശുദ്ധഖുർആനെക്കുറിച്ച് പുറപ്പെടുവിച്ച പ്രസ്താവന ഇങ്ങനെയാണ്: വിശുദ്ധഖുർആൻ ഭീകരപ്രവർത്തനത്തെ പഠിപ്പിക്കുന്നു. അതുകൊണ്ട് അതിനുമേൽ നിയന്ത്രണ മേർപ്പെടുത്തേണ്ടതാണ്. നഊദുബില്ലാഹ്. പകുതി ഖുർ ആൻ കീറി വലിച്ചെറിയേണ്ടതാണ്. ഇപ്പോൾ വിശുദ്ധ ഖുർആന്നെതിരിൽ ഒരാൾ സിനിമയുണ്ടാക്കുന്നു. ആദ്യമേതന്നെ റിലീസ് ചെയ്യാനായിരുന്നു ഇവരുടെ പരി പാടി. പക്ഷേ, ഇതുവരെ അവർക്കതിന് കഴിഞ്ഞിട്ടില്ല. മുസ്‌ലിം സംഘടനകൾ സർക്കാരിന് ഇതുസംബന്ധ മായി നിവേദനം കൊടുത്തു. നമ്മുടെ ജമാഅത്തും നിവേദനം കൊടുത്തിരുന്നു. ഫിത്ന അഥവാ കുഴപ്പം എന്നാണ് ഈ സിനിമക്ക് പേര് വെച്ചിട്ടുള്ളത്.

എന്താണ് നിങ്ങൾ ഇതിൽ കാണിക്കാൻ പോകുന്ന തെന്ന് ആരോ ഇവരോട് ചോദിച്ചു. വിശുദ്ധഖുർആന്റെ കല്പനതന്നെയാണ് കാണിക്കാൻ പോകുന്നതെന്ന് അവർ പറഞ്ഞു. അവിശ്വാസികളെ രണാങ്കണത്തിൽ കണ്ടാൽ അവരുടെ കഴുത്ത് മുറിക്കാൻ അത് പഠിപ്പി ക്കുന്നുവത്രെ! ആക്രമണം നടത്തുമ്പോൾ പ്രതിരോധിച്ച് യുദ്ധം ചെയ്യേണ്ടതായി വരും. പിന്നീടിവർ പറയുന്നത് ഇറാഖിലും അഫ്ഗാനിസ്ഥാനിലും മനുഷ്യത്വത്തെ ചവി ട്ടിമെതിക്കുന്നത് കാണിക്കുമെന്നാണ്. എന്തായാലും ഇതിന്റെ പിന്നിലും വൻസംഘടനകൾ പ്രവർത്തിക്കുന്ന തായിട്ട് തോന്നുന്നു. എന്നാൽ, ഇവിടങ്ങളിലൊക്കെ നല്ല പ്രതികരണവുമുണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. സർക്കാർ, മുസ്‌ലിംപണ്ഡിതന്മാരുമായി മീറ്റിംഗ് നടത്തി. ജമാ അത്തും നിവേദനം നല്കിയിരുന്നു. രാജ്ഞിക്കും കത്തി ലൂടെ വിവരം അറിയിച്ചിരുന്നു. കബീനായിലെ അംഗ ങ്ങൾക്കും കത്ത് കൊടുത്തിരുന്നു. വ്യക്തമായ നില യിൽ കാര്യങ്ങളൊക്കെ നമ്മൾ വിശദീകരിച്ചുകൊടു ത്തുകൊണ്ട് ഇത്തരം അടിസ്ഥാനരഹിതമായ പ്രവർത്തി കൾ നമ്മുടെ സമൂഹത്തിന്റെ സമാധാനം കെടുത്തു മെന്ന് നമ്മൾ പറഞ്ഞു. ഇപ്രകാരംതന്നെ സമാധാനസ മ്മേളനത്തിൽ ഞാൻ ചെയ്ത പ്രസംഗത്തിന്റെ കോപ്പിയും ആ കത്തുകൾക്കൊപ്പം കൊടുത്തിരുന്നു. എന്താ യാലും പാർലമെന്റംഗവും മറ്റു ധാരാളമാളുകളും വളരെ നല്ല നിലയിലാണ് അതിനോട് പ്രതികരിച്ചത്. സ്പീക്കർ എഴുതി: നിങ്ങളുടെ കത്ത് ഞാൻ എല്ലാ പാർലമെന്റംഗങ്ങൾക്കും വിതരണം ചെയ്തിരുന്നു. സമൂഹത്തിൽ അസമാധാനം പ്രചരിപ്പിക്കുന്നവർ അതിൽനിന്ന് പിന്മാറണമെന്നും ആർക്കെങ്കിലും വിഷ മമുണ്ടാക്കുന്ന രീതിയിൽ സംസാരിക്കരുതെന്നും രാജ്ഞിയും തന്റെ സന്ദേശത്തിൽ എടുത്തുപറഞ്ഞു. അവർ പ്രധാനമന്ത്രിക്കും ആ സന്ദേശം അയച്ചുകൊ ടുത്തു. **വിൽഡർ** എന്നയാളാണ് ഈ പ്രവർത്തനത്തിന് തുടക്കമിട്ടത്. തന്നെക്കുറിച്ചാണ് രാജ്ഞി പറഞ്ഞതെന്ന് ആക്ഷേപിച്ചതുകൊണ്ട് അയാളിപ്പോൾ രാജ്ഞിയ്ക്കെ തിരെ തിരിഞ്ഞിരിക്കുകയാണ്. ഈ പ്രശ്നങ്ങളിൽ സർക്കാർ കൈകടത്തരുതെന്ന് അയാൾ ആവശ്യപ്പെ ട്ടിരിക്കുന്നു. എന്തായാലും ഇവരുടെ ഈ കുത്സിതശ്ര മത്തിന്നെതിരെ പ്രതികരിക്കാൻ ഇവരിൽനിന്നുതന്നെ അല്ലാഹു ആളുകളെ കൊണ്ടുവരുന്നു. സൽപ്രകൃത ക്കാരായ ധാരാളമാളുകൾ ഈ രംഗത്തുണ്ട്. ഇവരുടെ അംഗസംഖ്യ അല്ലാഹു വർദ്ധിപ്പിച്ചുകൊണ്ടിരിക്കുമാ റാകട്ടെ. ശത്രുക്കൾ തങ്ങളുടെ പ്രവർത്തനങ്ങളിൽ നിന്ന് പിന്മാറട്ടെ. ഇല്ലെങ്കിൽ അല്ലാഹുവിന്റെ വിധി ഉദ്ദേ ശിക്കുമ്പോൾ അത് പ്രവർത്തിക്കുന്നതാണ്. അപ്പോൾ അതാരേയും വിട്ടുകളയുകയില്ല.

വിശുദ്ധഖുർആന്റെ മേൽ ആക്രമണം നടത്തി ക്കൊണ്ട് കാനഡക്കാരനായ ഒരു ക്രിസ്ത്യൻ മിഷണറി **ഡോൺ റിച്ചഡ്സൻ** ഒരു ഗ്രന്ഥം മൂന്നുനാല് വർഷം മുമ്പേ പ്രസിദ്ധീകരിച്ചിരുന്നു. 'ദി സീക്രട്ട് ഓഫ് ഖുർ ആൻ' എന്നാണതിന്റെ പേര്. പകയും വിദ്വേഷവും കൊണ്ട് നിറഞ്ഞ ഗ്രന്ഥമാണിത്. വിശുദ്ധഖുർആന്റെ വിവിധ വചനങ്ങൾ എഴുതിക്കൊണ്ട് അതിൽ പറഞ്ഞി രിക്കുന്ന കാര്യങ്ങൾ ഖണ്ഡിക്കാൻ ശ്രമിക്കുകയാണ് അയാൾ. ഓരോയിടത്തും കുറച്ച് വചനങ്ങളെടുത്ത് അയാൾക്ക് കിട്ടിയ ഖുർആന്റെ ഏഴെട്ട് തർജമകൾ എഴു തിക്കൊണ്ടാണ് കാര്യങ്ങൾ പറയുന്നത്. ചൗദ്ദരി സഫ്റു ല്ലാഖാൻ സാഹിബിന്റെ തർജമയിൽനിന്നും കുറച്ചു ഭാഗം ഇയാളെടുത്തു ചേർത്തിട്ടുണ്ട്. ചൗദ്ദരി സാഹി ബിന്റെ തർജമയുടെമേൽ ആക്ഷേപമുന്നയിച്ചുകൊണ്ട് അയാൾ പറയുന്നു, ബൈബിളിന്റെ ശൈലികളെ അറ ബിയിൽ പറയുന്നതിന് പകരം ഇംഗ്ലീഷ് രീതി ഉപയോ ഗിച്ചിരിക്കുകയാണ്. പക്ഷേ, ത്വാലൂത്തിന് ബൈബിളിന്റെ പദം ഉപയോഗിക്കുന്നതിന് പകരം അറബിശൈലിയിൽ

എഴുതിയിരിക്കുന്നതാണ് അത്ഭുതം. അതായത് ത്വാലൂത്തിനെ ത്വാലൂത്ത് എന്നുതന്നെ എഴുതിയിരിക്കുന്നു. ഇതിനുശേഷം ഇയാൾ പറയുന്നത് ഇങ്ങനെ ചെയ്യാൻ കാരണം നഊദുബില്ലാഹ് നബി(സ) തിരുമേനിയുടെ തെറ്റുകളെ അനറബികളിൽ നിന്ന് മറച്ചുവെക്കാനാണെന്നാണ്. പക്ഷേ, ഇത് നമ്മുടെ പരിഭാഷയുടെ രീതിയാണെന്ന് അയാൾ മനസ്സിലാക്കുന്നില്ല. അയാൾ വലിയ വിശ്വസ്തനാണെങ്കിൽ അതിന് കൊടുത്തിരിക്കുന്ന അടിക്കുറിപ്പ് വായിച്ചുനോക്കാമായിരുന്നു. ചൗദ്ദരി സാഹിബിന്റെ തർജമ എനിക്ക് നോക്കാൻ കഴിഞ്ഞില്ലെങ്കിലും സൂറഃബഖറയിൽ ഈ ആയത്തിന് കൊടുത്തിരിക്കുന്ന വിശദീകരണത്തിൽ, ഹദ്റത്ത് ദാവൂദിനെക്കുറിച്ച് പറഞ്ഞിട്ടുള്ള വിശദീകരണത്തിൽ അടിക്കുറിപ്പ് കൊടുത്തിട്ടുണ്ട്. അതിൽ ബൈബിളിലെ വാക്കുകളും കൊടുത്തിട്ടുണ്ട്. ഒരു കുറിപ്പിന്റെ അടിസ്ഥാനത്തിലാണ് ഞാനിത് പറയുന്നത്. അതുകൊണ്ട് പൂർണ്ണമായനിലയിൽ എനിക്കിത് വിശദീകരിക്കാൻ കഴിയുന്നില്ല. എന്തായാലും ഇപ്പോൾ ആ ഗ്രന്ഥം ഞാൻ വരുത്തിയിട്ടുണ്ട്. അതിന്റെ ചില പേജുകൾ മറിച്ചുനോക്കിയതിൽനിന്ന് ഇസ്ലാമിന്നെതിരിൽ പകയും വിദ്വേഷവും ജ്വലിച്ചുയരുന്നത് കാണാൻ കഴിയും. ഒരിടത്ത് എഴുതിയിരിക്കുന്നു, സ്വതന്ത്രചിന്താഗതിക്കാരായ ധാരാളം അമേരിക്കക്കാർ മനസ്സിലാക്കുന്നത് വിശുദ്ധഖുർആനിൽ വിശ്വസിക്കുന്ന 1.3 ബില്ല്യൺ മുസ്ലിംകൾ അതിൽ പറഞ്ഞിരിക്കുന്ന അധ്യാപനങ്ങൾ ശരിയായതുകൊണ്ടാണ് വിശ്വസിക്കുന്നതെന്നത്രെ. ഇത് ആ അമേരിക്കക്കാരുടെ തെറ്റായ ധാരണയാണ്. വാസ്തവത്തിൽ ഇസ്ലാമിൽ സത്യസന്ധമായ ഒരു കാര്യങ്ങളുമില്ല. ഖുർആനിലാണെങ്കിൽ സന്മാർഗ്ഗവുമില്ല.

തുടർന്ന് പ്രസിഡന്റ് ബുഷിനെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ട് അദ്ദേഹം വളരെ നല്ല മനുഷ്യനാണെന്ന് പറഞ്ഞിരിക്കുന്നു. എങ്കിലും ധാരാളം പാശ്ചാത്യരെപോലെ ഇസ്ലാമിനെക്കുറിച്ച് അജ്ഞനാണ്. കാരണം സെപ്തംബർ 11-ന് ശേഷം അദ്ദേഹം ഭീകരവാദികൾക്കെതിരിലുള്ള യുദ്ധത്തെ ക്രൂസൈഡ് അഥവാ മതയുദ്ധം എന്ന് പറഞ്ഞിരുന്നു. ഇത് അദ്ദേഹത്തിന്റെ വിവരക്കുറവാണ്. അദ്ദേഹത്തിന്റെ ഉപദേശകരാരും അദ്ദേഹത്തിന് വേണ്ടുന്ന അഭിപ്രായം പറഞ്ഞുകൊടുത്തില്ല. എന്നിട്ട് പറയുന്നു അദ്ദേഹമിതിനെ മതയുദ്ധം എന്ന് മനസ്സിലാക്കുകയാണെങ്കിൽതന്നെ അത് പരസ്യപ്പെടുത്തരുതായിരുന്നു. കാരണം അത് മുഖേന ക്രൈസ്തവ മതത്തിനുമേൽ ദുസ്വാധീനമുണ്ടാകും. ഈ രീതിയിലാണ് ഇവരുടെ ഉള്ളിൽ ഇന്ന് ഇസ്ലാമിന്നെതിരിലും ഖുർആന്നെതിരിലും വെറുപ്പും വിദ്വേഷവും നിറഞ്ഞുനില്ക്കുന്നത്. പക്ഷേ, ഇസ്ലാമിന്റെയും ഖുർആന്റെയും എല്ലാ എതിരാളികളും എന്തൊന്ന് മനസ്സിലാക്കിയാലും അവസാനം വിജയിക്കുന്നത് ഇസ്ലാമികാധ്യാപനം തന്നെയാണെന്ന് അല്ലാഹു പറയുന്നു. ഇൻശാഅല്ലാഹ്. ഇത് ദൈവവിധിയാണ്. ഇവരുടെ കളവിനോ ശക്തിക്കോ സമ്പത്തിനോ പ്രതാപത്തിനോ ഇതിന്റെ വളർച്ചയെ തടുത്തുനിറുത്താൻ കഴിയില്ല. എന്നാൽ, ചില മുസ്ലിം ഭരണകൂടങ്ങളെ കാണുമ്പോൾ വിഷമം തോന്നാറുണ്ട്. അവർ പ്രത്യക്ഷത്തിൽ മുസ്ലിംകളാണെങ്കിലും തങ്ങളുടെ യഥാർത്ഥ ഉദ്ദേശ്യം മറന്നുപോയവരാണ്. ബാഹ്യമായ തങ്ങളുടെ പ്രൗഢിയും പ്രഭയും കാരണത്താൽ അറിഞ്ഞോ അറിയാതേയോ ഇസ്ലാമിനെ അവർ ബലഹീനമാക്കിക്കൊണ്ടിരിക്കുകയാണ്.

ഒരു അമേരിക്കക്കാരൻ ഇക്കാര്യം തന്റെ ഗ്രന്ഥത്തിൽ, എന്തൊന്നാണോ നടന്നുകൊണ്ടിരിക്കുന്നത് അതിൽ ഇസ്ലാമിക രാഷ്ട്രങ്ങളുടെ നേതാക്കന്മാർക്കും കൈയുണ്ടെന്ന് തുറന്നു പറഞ്ഞിരിക്കുന്നു; പാശ്ചാത്യരുടെ കൈയിൽ എണ്ണ സമ്പത്ത് കൊണ്ടുവരാനുള്ള ശ്രമമാണിത്. അതിൽ മുസ്ലിംഭരണകൂടങ്ങളും ഭാഗഭാക്കാണ്. അതായത് നേതാക്കന്മാർ. അതിൽ പറയുന്നു സാധാരണക്കാർക്ക് ഇത്തരം കാര്യങ്ങൾ അറിയില്ല. പകയും വിദ്വേഷവുംകൊണ്ട് നിറഞ്ഞിരിക്കുന്ന ഇത്തരം ആളുകൾ ഖുർആൻ തുറക്കുന്നതും നോക്കുന്നതും അതിൽനിന്ന് ആക്ഷേപമുന്നയിക്കാൻ പറ്റുന്ന വല്ല വചനവും ഉണ്ടോയെന്നാണ്. അവരുടെ ഹൃദയം പാറപോലെയാണ്. എന്നല്ല, അതിനേക്കാൾ കഠിനതരമാണ്. വിശുദ്ധഖുർആന്റെ അധ്യാപനം അവർക്ക് ഒരു പ്രയോജനവും ചെയ്യുകയില്ല. പകയും വിദ്വേഷവുംകൊണ്ട് നിറഞ്ഞിരിക്കുന്ന ഹൃദയമുള്ളവർക്കും അഴുക്കിൽ വസിക്കുന്ന ശീലമുള്ളവർക്കും- അവർ അതിൽതന്നെയിരിക്കണമെന്ന് വാശി പിടിക്കുന്നവരാണ്- എങ്ങനെയാണ് ഈ അരുവിയിൽനിന്നും ഫലമെടുക്കാൻ കഴിയുക? വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: ***ഇന്നഹു ലഖുർആനുൻ കരീം ഫീ കിതാബിൻമ്മക്നൂൻ ലായമസ്സുഹു ഇല്ലൽ മുത്ത്വഹ്ഹറൂൻ*** തീർച്ചയായും ഇത് ആദരണീയമായൊരു ഖുർആൻ ആകുന്നു. ഭദ്രമായി അടച്ചുസൂക്ഷിക്കപ്പെട്ട ഒരു ഗ്രന്ഥത്തിൽ ഇത് സുരക്ഷിതമാണ്. പരിശുദ്ധരാക്കപ്പെട്ടവരല്ലാതെ ഇതാരും സ്പർശിക്കുകയില്ല (56:78-80).

ഈ വചനങ്ങൾക്ക് മുമ്പേ അല്ലാഹു പറയുന്നു: ***ഫലാ ഉഖ്സിമു ബി മവാഖിഇന്നുജൂം*** ഞാൻ നക്ഷത്രങ്ങളുടെ പതനസ്ഥലങ്ങളെക്കൊണ്ട് സത്യം ചെയ്യുന്നു. ഈ ആയത്തും കൂടെ ചേർത്തുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആ വചനങ്ങളെ ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു: ഞാൻ നക്ഷത്രങ്ങളുടെ പതനസ്ഥലംകൊണ്ട് സത്യം ചെയ്യുന്നു. നിങ്ങൾ അറിയുന്നവരാണെങ്കിൽ അത് വമ്പിച്ചൊരു സത്യമാണ്. ഈ ഖുർആൻ മഹത്തായൊരു ഗ്രന്ഥമാണെന്ന് സത്യം ചെയ്തു പറയുകയാണ്. ഇതിലെ അധ്യാപനങ്ങൾ അല്ലാഹുവിന്റെ നടപടിക്രമങ്ങൾക്ക് വിരുദ്ധമല്ല. എന്നല്ല, അവ പ്രകൃതിനിയമത്തിൽ എഴുതപ്പെട്ടിട്ടുള്ളതാണ്. *ഓരോ മനുഷ്യന്റെയും പ്രകൃതിയിൽ ഇത് മറഞ്ഞിരിക്കുന്നു*. ഇതിന്റെ ജ്ഞാനം കര

സ്ഥമാക്കുന്നവർ പരിശുദ്ധരാക്കപ്പെട്ടവരാണ്. *ഇതിന്റെ അറിവും ആഴവും മനസ്സിലാക്കുന്നത് ഹൃദയം ശുദ്ധമായിട്ടുള്ളവരാണ്.* ഇവിടെ അല്ലാഹു നക്ഷത്രങ്ങളുടെ പതനസ്ഥലം കൊണ്ട് സത്യം ചെയ്ത് സൂചിപ്പിക്കുന്നത് നക്ഷത്രം അങ്ങേയറ്റം ഉയർന്നുനില്ക്കുന്ന കാരണത്താൽ ഒരു പൊട്ടുപോലെയാണ് കാണുന്നത്. എന്നാൽ, യഥാർത്ഥത്തിൽ അതൊരു പൊട്ടല്ല മറിച്ച് വളരെ വലുതാണ്. ഇപ്രകാരംതന്നെ വിശുദ്ധഖുർആൻ അതിന്റെ അങ്ങേയറ്റത്തെ ഉന്നതിയും അറിവിന്റെ പ്രൗഢിയും കാരണത്താൽ കാഴ്ച കുറഞ്ഞവരുടെ കണ്ണുകളിൽനിന്ന് മറഞ്ഞിരിക്കുന്നു. കണ്ണിലെ കരട് നീങ്ങുന്നവരാണ് അതിനെ വ്യക്തമായും കാണുന്നത്. ഈ വചനങ്ങൾ മുഖേന അല്ലാഹു വിശുദ്ധഖുർആനിലെ ഉന്നതവും അതീവഗഹനവുമായ അറിവുകളിലേക്കും സൂചന നല്കിയിരിക്കുകയാണ്. അത് അല്ലാഹുവിന്റെ പ്രത്യേക ദാസരുമായി ബന്ധപ്പെട്ടതാണ്. അവരെ അല്ലാഹു തന്റെ കൈകൊണ്ട് പരിശുദ്ധരാക്കുന്നു. വിശുദ്ധഖുർആന്റെ ജ്ഞാനങ്ങൾ പ്രത്യേക വ്യക്തികളുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ മറ്റുള്ളവർ അനുസരണക്കേട് കാണിച്ചാൽ എന്തിനാണ് അവരെ ശിക്ഷിക്കുന്നതെന്നുള്ള ആക്ഷേപം അടിസ്ഥാനരഹിതമാണ്. കാരണം വിശുദ്ധഖുർആന്റെ ഈമാന്റെ നിലയിലുള്ള അറിവ് സത്യനിഷേധിക്കുപോലും മനസ്സിലാക്കാൻ പറ്റിയവിധം സുഗമമാണ്. *അതായത്, അഗാധതലത്തിലുള്ള അറിവുമുണ്ട്, സാധാരണക്കാരന് മനസ്സിലാക്കാൻ പറ്റുന്ന അറിവുമുണ്ട്. മനസ്സിലാക്കേണ്ടവർക്ക് മനസ്സിലാക്കാവുന്നതാണ്.* വായിക്കുന്നവരിൽനിന്ന് മറഞ്ഞിരിക്കുന്ന ഒന്നല്ല അത്. അത് സാധാരണക്കാരന് മനസ്സിലാക്കാൻ പറ്റുന്നതല്ലായിരുന്നെങ്കിൽ തബ്ലീഗിന്റെ ഫാക്ടറി ന്യൂനമായിപ്പോകുമായിരുന്നു. *ഈമാന്റെ അധ്യാപനം എല്ലാവർക്കും മനസ്സിലാക്കാൻ പറ്റുന്നതല്ലായിരുന്നെങ്കിൽ ആക്ഷേപമുണ്ടാകുമായിരുന്നു. അങ്ങനെ പ്രബോധനത്തിന്റെ ഫാക്ടറി ന്യൂനമാകുമായിരുന്നു. പിന്നീട് എന്ത് പ്രബോധനം ചെയ്യാനാണ്. ജനങ്ങൾക്ക് എങ്ങനെ മനസ്സിലാക്കിക്കൊടുക്കാനാണ്. എല്ലാവരും അഗാധ ജ്ഞാനം മനസ്സിലാക്കാൻ കഴിവുള്ളവരല്ല.*

അതുകൊണ്ട് ഇത് എല്ലാവർക്കും മനസ്സിലാകുന്ന തരത്തിലുള്ള അധ്യാപനമാണെന്നത് ശരിതന്നെ. എന്നാൽ, യഥാർത്ഥ രൂപത്തിലുള്ള ഈശ്വരീയ ജ്ഞാനങ്ങൾ അത് ഈമാന്റെ സഞ്ചാരമാർഗ്ഗമല്ലാത്തതുകൊണ്ടും മറിച്ച്, കൂടുതലായി ദൈവത്തെ തിരിച്ചറിയാനുള്ള ഉപാധിയായതുകൊണ്ടും അതിനെ പ്രത്യേകപെടുത്തിയിരിക്കുകയാണ്. *അതായത്, വിശ്വസിക്കുന്നതിന് ആഴത്തിലുള്ള മഅ്രിഫത്ത് അഥവാ ഈശ്വരീയ ജ്ഞാനം ആവശ്യമില്ല. മറിച്ച് ഈശ്വരീയജ്ഞാനത്തിന്റെ ആഴത്തിലുള്ള കാര്യങ്ങൾ ദൈവത്തെ കൂടുതൽ തിരിച്ചറിയുന്നതിനും യഥാർത്ഥമായ ജ്ഞാനം കരസ്ഥമാക്കുന്നതിനും അനിവാര്യമാണ്.* അതുകൊണ്ട് പ്രധാനപ്പെട്ട ആളുകൾക്ക് അക്കാര്യങ്ങൾ മനസ്സിലാക്കിക്കൊടുത്തു. അത് വാസ്തവത്തിൽ വരദാനവും ആത്മീയമായ അനുഗ്രഹങ്ങളുമാണ്. അത് ഈമാൻ കൊണ്ടശേഷം അതിനെ പൂർണ്ണതയിലെത്തിക്കുന്നവർക്ക് ലഭിക്കുന്നതാണ്. ഭൗതിക വിദ്യാഭ്യാസത്തിനും അതിന്റെ ആഴത്തിലുള്ള അറിവ് സമ്പാദിക്കുന്നതിനും ദൈവഭയത്തിന്റെയോ പരിശുദ്ധിയുടേയോ ആവശ്യമില്ല. അത് ഏത് വൃത്തികെട്ട മനുഷ്യനും ആജ്ഞാലംഘകനും കലഹക്കാരനുംകൂടി സമ്പാദിക്കാൻ കഴിയും. അതിനിസ്സാരന്മാരും ഡിഗ്രികൾ കരസ്ഥമാക്കാറുണ്ട്. പക്ഷേ, എല്ലാവർക്കും സമ്പാദിക്കാൻ പറ്റിയ നിലയിലുള്ളതല്ല, മതപരമായ അറിവുകൾ. അത് സമ്പാദിക്കാൻ ഹൃദയഭയവും പരിശുദ്ധിയും ആവശ്യമാണ്. അല്ലാഹു പറയുന്നു: ***ലാ യമസ്സുഹു ഇല്ലൽമുത്വഹ്ഹറൂൻ*** അതിനാൽ, മതപരമായ അറിവുകൾ സമ്പാദിക്കാൻ ആഗ്രഹിക്കുന്നവർ തീർച്ചയായും തഖ്വയിൽ അഭിവൃദ്ധിപ്പെടേണ്ടതാണ്. എത്രത്തോളം അതിൽ അഭിവൃദ്ധിപ്പെടുമോ അത്രമാത്രം നേർത്ത ഈശ്വരീയജ്ഞാനവും ദൈവത്തെക്കുറിച്ചുള്ള തിരിച്ചറിവും ലഭിക്കുന്നതാണ്".

ഒന്നാമത്തെ കാര്യം വിശ്വാസമാണ്. പിന്നീട് കൂടുതൽ ഈശ്വരീയ ജ്ഞാനം കരസ്ഥമാക്കണമെങ്കിൽ ഹൃദയഭക്തിയിൽ അഭിവൃദ്ധിപ്പെടേണ്ടതായി വരും. അതിൽ അഭിവൃദ്ധിപ്പെടുന്നതിനുസരിച്ച് കൂടുതൽ കൂടുതൽ പരിശുദ്ധനായിക്കൊണ്ടിരിക്കും. അങ്ങനെ വിശുദ്ധഖുർആന്റെ ജ്ഞാനം കരസ്ഥമാക്കുകയും ചെയ്യും.

അതുകൊണ്ട് ദൂരെനിന്ന് വിശുദ്ധഖുർആനെ നോക്കുന്നവർക്കും തങ്ങളുടെ പകയും വിദ്വേഷവും കൊണ്ട് അടുത്തുവരാൻ പോലും ആഗ്രഹിക്കാത്തവർക്കും മറ്റുള്ളവരെ വഴിതെറ്റിക്കാൻ നടക്കുന്നവർക്കും അതൊരു പ്രയോജനവും ചെയ്യുകയില്ല. താൻ എല്ലാ വഴിയിലൂടെയും തടസ്സങ്ങൾ സൃഷ്ടിക്കുമെന്ന് ശയ്ത്വാൻ പറഞ്ഞിട്ടുള്ളതാണ്. ഇക്കൂട്ടർ അവന്റെ വഴിയാണ് സ്വീകരിച്ചത്. ഖുർആൻ മനസ്സിലാക്കുന്നതിന് ആദ്യം ഹൃദയം ശുദ്ധീകരിക്കണം. അതിൽ നില കൊള്ളണം. പരിശുദ്ധഹൃദയമാണെങ്കിൽ എന്തെങ്കിലുമൊക്കെ മനസ്സിലാകുന്നതാണ്. ദൈവത്തെ കൂടുതൽ മനസ്സിലാക്കുന്നതിന് ഹൃദയഭക്തി കൂടുതൽ വികസിക്കണം. വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനുള്ള മാനദണ്ഡമാണിത്. ഞാൻ പറഞ്ഞ ആ സ്ത്രീ വിശുദ്ധഖുർആന്റെ തർജമ വായിച്ച് മുസ്‌ലിമായി. ആരുടെ തർജമയാണ് വായിച്ചതെന്ന് അറിയില്ല. എത്രത്തോളം അത് ശരിയാണെന്നും അറിയില്ല. എന്തായാലും അവരുടെ ഹൃദയത്തിൽ അത് സ്വാധീനം ചെലുത്തി. ഖുർആൻ മനസ്സിലാക്കുന്നതിന് പരിശുദ്ധഹൃദയരായിരിക്കേണ്ടതും അതിൽ പറഞ്ഞിരിക്കുന്ന മുത്തുകളെക്കുറിച്ച് അന്വേഷിക്കേണ്ടതും അത്യാവശ്യമാണ്. സമീപത്ത് വന്ന് നോക്കേണ്ടതും നിർബന്ധമാണ്. എന്നാൽ, ഈ

പാതിരി സാഹിബിനെപോലെ, ആക്ഷേപദൃഷ്ടിയോടെ നോക്കുകയാണെങ്കിൽ അവർക്ക് ഒന്നും കാണാൻ കഴിയുകയില്ല. നക്ഷത്രത്തെ ദൂരെനിന്നുകണ്ട് തിളങ്ങുന്ന ഒരു പൊട്ടായി അതിനെ മനസ്സിലാക്കുന്ന വിഡ്ഢിയെപ്പോലെയാണവൻ. അത്തരം ബുദ്ധിഹീനരെക്കുറിച്ച് അല്ലാഹു വ്യക്തമായും പറഞ്ഞിരിക്കുന്നു. വിശുദ്ധഖുർആന്റെ അധ്യാപനം അസൂയയും പകയും വിദ്വേഷവും അക്രമവും കൊണ്ട് നിറഞ്ഞവരിൽ വഴികേടല്ലാതെ വളർത്തുകയില്ല. ഇതിൽ ആർക്കെങ്കിലും രോഗശമനമുണ്ടെങ്കിൽ അത് സത്യവിശ്വാസികൾക്കാണ്. ഇതിൽ എന്തെങ്കിലും പാഠമുണ്ടെങ്കിൽ അത് സത്യവിശ്വാസികൾക്കാണ്. ഇതിൽനിന്ന് ഫലമെടുക്കുന്നവരും സത്യവിശ്വാസികളാണ്. അല്ലെങ്കിൽ നിഷ്കളങ്കരായിക്കൊണ്ട് ഇത് മനസ്സിലാക്കാൻ ശ്രമിക്കുന്നവരാണ് ഇതിനെ പ്രയോജനപ്പെടുത്തുന്നത്. ഇതിൽ നിന്നാരെങ്കിലും തന്റെ ആത്മീയമായ രോഗങ്ങൾ അകറ്റുന്നുണ്ടെങ്കിൽ അതും സത്യവിശ്വാസിയായിരിക്കും. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: ***വ നുനസ്സിലു മിനൽഖുർആനി മാ ഹുവ ശിഫാ ഉൻവ്വ റഹ്മത്തുല്ലിൽ മുഅ്മിനീന വലായസീദു ള്ളാലിമീന ഇല്ലാ ഖസാറാ.*** വിശ്വാസികൾക്ക് ശമനൗഷധവും കാരുണ്യവുമായിട്ടുള്ള അധ്യാപനം നാം ഖുർആനിൽ നിന്ന് ഇറക്കിക്കൊണ്ടിരിക്കുന്നു. എന്നാൽ, അക്രമികൾക്ക് അത് നഷ്ടം മാത്രമേ വർദ്ധിപ്പിക്കുന്നുള്ളൂ. (17:83) അതിനാൽ ഇക്കാര്യങ്ങൾ നാം ഇസ്ലാമിന്റെയും വിശുദ്ധഖുർആന്റെയും വിരോധികളിൽനിന്നു കേൾക്കുമ്പോൾ നമ്മുടെ വിശ്വാസം വർദ്ധിക്കുന്നതിന് അത് കാരണമായിത്തീരുന്നു. അല്ലാഹു വിശുദ്ധഖുർആനിൽ ആദ്യമേതന്നെ ഇത് പറഞ്ഞിരുന്നു. കഴിഞ്ഞ നബിമാരുടെ എതിരാളികളെ സംബന്ധിച്ച് ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിൽ അവർ ശയ്ത്വാന്മാരുടെ ശിങ്കിടികളായതുകൊണ്ടാണ്. ശയ്ത്വാന്റെ ശിങ്കിടിയായിക്കൊണ്ട് എന്തെങ്കിലും ആക്ഷേപം തപ്പിപ്പിടിക്കാൻ നടക്കുന്നവരാണിവർ. നിഷേധികളെക്കുറിച്ച് പറഞ്ഞിട്ടുള്ളത് ഭാവിയിലും ഇത്തരക്കാർ ഉണ്ടായിക്കൊണ്ടിരിക്കുമെന്നതുകൊണ്ടാണ്. അവർ നബിമാരുടെ എതിരാളികളിൽപെട്ടവരായിരിക്കും. എത്രത്തോളമെന്നാൽ ബാഹ്യമായ നിലയിൽ വിദ്യാസമ്പന്നന്മാരും മാന്യന്മാരും വികസിത രാഷ്ട്രങ്ങളിലെ പൗരന്മാരും മതനേതാക്കന്മാരും സമാധാനത്തിന്റെ ധ്വജവാഹകരുമൊക്കെയായിട്ടും ഇത്തരം പ്രവർത്തികൾ തീർച്ചയായും അവർ കാണിച്ചുകൊണ്ടിരിക്കും. അങ്ങനെ അവരുടെ ബാഹ്യപ്രകടനം വെറും വഞ്ചനയാണെന്ന് ബോധ്യമാകും. ഇവർ രോഗികളാണ്. ഇവരുടെ രോഗം മൂർച്ഛിക്കേണ്ടതുണ്ട്. ഇവർ ഒരിക്കലും നബി(സ) കൊണ്ടുവന്ന അധ്യാപനങ്ങളിൽനിന്ന് ഫലമെടുക്കുകയില്ല. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു. '***കമാ അൻസൽനാ അലൽ മുഖ്തസിമീൻ, അല്ലദീന ജഅലുൽ ഖുർആന ഇളീൻ, ഫവറബ്ബിക്ക ല നസ്അലന്നഹും അജ്മഈൻ, അമ്മാ കാനൂ യഅ്മലൂൻ***' നിനക്കെതിരിൽ സംഘങ്ങളായി സ്വയം ഭാഗിച്ചവരുടെമേൽ ശിക്ഷയിറക്കാൻ നാം തീരുമാനിച്ചിരിക്കുന്നു. ഖുർആൻ നിരവധി കള്ളങ്ങളുടെ സമാഹാരമാണെന്ന് വിളംബരം ചെയ്തവരാണവർ. അതിനാൽ നിന്റെ നാഥനെക്കൊണ്ട് സത്യം അവരെ എല്ലാവരേയും തീർച്ചയായും നാം ചോദ്യം ചെയ്യും; അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന കാര്യങ്ങളെക്കുറിച്ച് (15:91–94).

ഈ നിയമം എന്നന്നേക്കും വേണ്ടിയുള്ളതാണ്. നബി(സ) തിരുമേനിയെ അധിക്ഷേപിച്ച ആ മക്കക്കാർക്കുവേണ്ടി മാത്രമല്ലയിത്. നബി(സ) എക്കാലത്തേക്കും വേണ്ടി വന്നിട്ടുള്ള നബിയാണ്. ആ മഹാത്മാവിനെ ബുദ്ധിമുട്ടിക്കുന്നവരോടുള്ള അല്ലാഹുവിന്റെ പെരുമാറ്റവും എന്നെന്നേക്കുമുള്ളതാണ്. ഇന്ന് നബി(സ)ന്റെമേൽ പരിഹാസം ചൊരിയുന്നവരും വിശുദ്ധ ഖുർ ആന്റെ അധ്യാപനം കളവാണെന്ന് പറയുന്നവരും അല്ലാഹുവിന്റെ പിടിയിൽനിന്ന് രക്ഷപ്പെടുമോ? അല്ലാഹു തന്റെ പ്രിയങ്കരനായ വ്യക്തിയുടെ അഭിമാനത്തെ എന്നെന്നും കാത്തുസൂക്ഷിക്കുന്നവനാണ്. ഇന്നും ഇക്കൂട്ടർ നബി(സ)യുടെ മേൽ ആക്രമണം നടത്താൻ തങ്ങളുടെ ജോലികൾ ഭാഗിച്ചെടുത്തിരിക്കുന്നു. അതാണ് ഖുർആൻ പറഞ്ഞത്. വിവിധ രീതികളിൽ നബിയേയും ഖുർആനേയും ആക്ഷേപിക്കാൻ വേണ്ടിയാണ് എതിരാളികൾ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ഗ്രന്ഥങ്ങളിലൂടെയും പത്രങ്ങളിലൂടെയും ടിവി ചാനലുകളിലൂടെയും ഇപ്പോൾ ഞാൻ പറഞ്ഞതുപോലെ സിനിമയിലൂടെയും അവർ ശ്രമിക്കുകയാണ്. ഇവർ പറയുന്നു ഖുർആന്റെ അധ്യാപനം കളവാണെന്ന്. നഊദുബില്ലാഹ്. കാനഡക്കാരനായ പാതിരിയെക്കുറിച്ച് ഞാൻ പറഞ്ഞു. ഇങ്ങനെയൊക്കെ അക്രമങ്ങൾ ചെയ്തിട്ട് നിങ്ങൾ രക്ഷപ്പെടുമെന്ന് കരുതണ്ട. ഇതിന് നിങ്ങൾ മറുപടി പറയേണ്ടതായും ശിക്ഷ വരിക്കാൻ തയ്യാറാകേണ്ടതായും വരും. നിങ്ങൾ നിങ്ങളുടെ ശൈലി മാറ്റുന്നില്ലെങ്കിൽ, എങ്ങനെയാണ് ശിക്ഷ നല്കേണ്ടതെന്ന് അല്ലാഹുവിന്നറിയാം. അവൻ അധികാരിയാണ്. അവന് അവന്റേതായ മാർഗ്ഗമുണ്ട്. പക്ഷേ, തന്റെ പ്രിയപ്പെട്ടവരെക്കുറിച്ച് അഭിമാനം വെച്ചുപുലർത്തുന്നവനാണവൻ. തന്റെ ശക്തി അവൻ കാണിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഇവരെ ശിക്ഷിക്കാതെ അവൻ വിട്ടുകളയുകയില്ല. ശിക്ഷയുടെ സമയം വന്നാൽ കള്ള ദൈവങ്ങളൊന്നും അവരെ രക്ഷിക്കാനുണ്ടാകുകയില്ല. അല്ലാഹു ജനങ്ങളെ ഉപദേശിക്കാൻ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിരിക്കുന്നു. വിശുദ്ധഖുർആൻ അവസാനത്തെ ന്യായപ്രമാണമാണെന്നും അവസാനത്തെ ന്യായപ്രമാണവുമായി വന്ന നബിയാണ് മുഹമ്മദെ(സ)ന്നും വിളംബരം ചെയ്യുക. മുൻകഴിഞ്ഞ എല്ലാ നബിമാരുടേയും പ്രധാന അധ്യാപനങ്ങൾ ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നല്ല, കഴിഞ്ഞ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടില്ലാത്ത ഒരുപാട് കാര്യങ്ങളും ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും നിങ്ങൾക്ക് ബുദ്ധിയുദിക്കു

ന്നില്ലേ; ഇതിൽ ചിന്തിക്കാൻ, നിങ്ങളുടെ ഹൃദയം ശുദ്ധീകരിക്കാൻ. ഇതിലെ വിഷയങ്ങൾ എന്താണെന്ന് നിങ്ങൾ നോക്കുക. 1.3 ബില്യൺ മുസ്‌ലിംകളെ കണ്ടുകൊണ്ട് വിശുദ്ധഖുർആന്റെ അധ്യാപനം ശരിയാണെന്ന് മനസ്സിലാക്കേണ്ട എന്നു പറയുന്നതിനു പകരം അതിൽ ചിന്തിച്ചുനോക്കുക. തനതായ നിലയിൽ നിലകൊള്ളുന്ന ഒരേയൊരു ഗ്രന്ഥം ഇതുമാത്രമാണ്. ഇതിനെ സംരക്ഷിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.

കഴിഞ്ഞ ദിവസം ഇങ്ങനെയുമൊരു വാർത്ത വന്നിരുന്നു. ചില സ്ഥലത്ത് ചിലയാളുകൾ വിശുദ്ധഖുർആനും യഥാർത്ഥ നിലയിലല്ല ഇന്ന് നിലകൊള്ളുന്നതെന്ന് സ്ഥാപിക്കാൻ ശ്രമം തുടങ്ങിയിരിക്കുന്നുവത്രെ. നിങ്ങൾ നിങ്ങളുടെ ഇഷ്ടംപോലെ അന്വേഷിച്ചുകൊള്ളുക. പക്ഷേ, അല്ലാഹുവിന്റെ വാഗ്ദാനത്തെ കളവാക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ല. തെറ്റായ പാതയിലൂടെ നീങ്ങുന്നതിനു പകരം ഈ ഉപദേശത്തിലേക്ക് ശ്രദ്ധിക്കുക. അല്ലാഹു പറയുന്നു: ***വലഖദ് യസ്സർനൽഖുർആന ലിദ്ദിക്‌രി ഫഹൽമിൻ മ്മുദ്ദകിർ*** തീർച്ചയായും ഖുർആനെ നാം ഓർമ്മിക്കാൻ എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഉപദേശം കരസ്ഥമാക്കുന്ന വല്ലവനുമുണ്ടോ? (54:41). ഈ വചനം ഈ അധ്യായത്തിൽ നാലു പ്രാവശ്യം ആവർത്തിച്ചിട്ടുണ്ട്. ഓരോ പ്രാവശ്യവും ഇത് പറഞ്ഞുടനെ ഏതെങ്കിലും ജനതയുടെ നാശത്തെക്കുറിച്ചാണ് അറിയിക്കുന്നത്. ആദ് ജനതയെക്കുറിച്ച് ആദ്യം പറഞ്ഞു. രണ്ടാമത് പറഞ്ഞത് ഥമൂദിനെക്കുറിച്ചാണ്. പിന്നീട് ലൂത്തിന്റെ ജനതയെക്കുറിച്ച് പറഞ്ഞു. അതിനുശേഷം ഫിർഔനെക്കുറിച്ച് പറഞ്ഞു. ഇവരെല്ലാവരും നബിമാരെ നിഷേധിച്ചവരാണ്. അവരെ കളവാക്കിയവരാണ്. അങ്ങനെ അല്ലാഹുവിന്റെ പിടിയിൽ അകപ്പെട്ടവരുമാണ്. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ദൃഷ്ടി മുതലെടുത്തുകൊണ്ട് അഹങ്കരിക്കാതിരിക്കുക. അങ്ങനെ അഹങ്കരിക്കുക എന്നത് അവന്റെ കോപത്തെ ജ്വലിപ്പിക്കും. അതുകൊണ്ട് നമ്മൾ അവരോടുള്ള സഹാനുഭൂതി കൊണ്ട് പറയുകയാണ് അല്ലാഹുവിനെ ഭയപ്പെടുക. ഖുർആന്റെ അധ്യാപനങ്ങൾ എല്ലാതരം അധ്യാപനങ്ങളുടെയും സമുച്ചയമാണ്. ആത്മീയതയുടെ ഉന്നതമായ നിലയെക്കുറിച്ച് അത് നമുക്ക് പറഞ്ഞുതന്നു. സ്വഭാവങ്ങളുടെ ശ്രേഷ്ഠതയെക്കുറിച്ച് അത് നമുക്ക് വിവരിച്ചുതന്നു. സാധാരണക്കാരനും കൂടുതൽ ചിന്തിക്കുന്നവനും ഇതിൽ അറിവുണ്ട്. അതിനാൽ അവർക്ക് മനസ്സിലാകുന്നില്ലെങ്കിൽ ആക്ഷേപമുന്നയിക്കുന്നതിനു പകരം സ്വന്തം ബുദ്ധി ഉപയോഗിച്ചുനോക്കുക. ഖുർആന്റെ അധ്യാപനം മനുഷ്യപ്രകൃതിക്ക് അനുയോജ്യമായവിധമാണ്. പക്ഷേ അത് മനസ്സിലാക്കാൻ നിഷ്കളങ്കഹൃദയം വേണ്ടത് അത്യാവശ്യമാണ്. ഒരു ശുദ്ധീകരണ കർത്താവിന്റെ ആവശ്യമുണ്ട്. ഇന്ന് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് ശുദ്ധീകരണ കർത്താവിൽനിന്ന് അറിവ് കരസ്ഥമാക്കി മറ്റുള്ളവർക്ക് അതെത്തിച്ചുകൊടുക്കുന്നത്. അതുകൊണ്ട് ഞങ്ങളിൽനിന്ന് ശരിയായ ജ്ഞാനം കരസ്ഥമാക്കുക. അല്ലാഹു ഇവർക്ക് ബുദ്ധി നല്കുമാറാകട്ടെ. അവൻ മുന്നറിയിപ്പ് നല്കിയ ശിക്ഷകളിൽനിന്നെല്ലാം ഇവരെ രക്ഷിക്കുമാറാകട്ടെ.

ഇന്ന് ധാരാളം പ്രാർത്ഥിക്കേണ്ടതാവശ്യമുണ്ട്. മുസ്‌ലിം ഉമ്മത്തിനുവേണ്ടിയും പ്രാർത്ഥിക്കുക. ഇവർ തങ്ങളുടെ വൈരാഗ്യം ഉപേക്ഷിച്ചുകൊണ്ട് ഒരു വലിയ ഉദ്ദേശ്യപ്രാപ്തിക്കായി ഒന്നിക്കുകയും അല്ലാഹുവിന്റെ ഇഷ്ടദാസനെ മനസ്സിലാക്കുകയും ചെയ്യുകയാണെങ്കിൽ ഒരുപാട് ദ്രോഹപ്രവർത്തികളിൽനിന്ന് സുരക്ഷിതരായിരിക്കും. ഇതുതന്നെയായിരിക്കും ഈ അക്രമകാരികളേയും അവരുടെ അക്രമങ്ങളിൽനിന്ന് സംരക്ഷിക്കുന്നത്. അല്ലാഹു അവർക്ക് അതിന് ഭാഗ്യം നല്കുമാറാകട്ടെ.

ഒരു ദുഃഖവാർത്തയെക്കുറിച്ചും പറയാൻ ഞാനാഗ്രഹിക്കുകയാണ്. കറാച്ചി വാസിയായ ബിശാറത്ത് അഹ്മദ് സാഹിബ് മുഗലിനെ ഫെബ്രുവരി 24-ന് ചില യാളുകൾ വെടിവെച്ച് ശഹീദാക്കി. 50 വയസ്സായിരുന്നു. ***ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*** രാവിലെ ആറേകാൽ മണിക്ക് സുബ്ഹി നമസ്കാരത്തിനായി പോകുകയായിരുന്നു. പക്ഷേ, പള്ളിയിലെത്തിയില്ല. കുറച്ചു സമയം കഴിഞ്ഞ് അദ്ദേഹത്തിന്റെ മകനാണ് ഈ ദുഃഖവാർത്ത നമ്മെ അറിയിച്ചത്. ബൈക്കുകളിൽ കുറേയാളുകൾ വന്ന് വെടിവെച്ചതിനുശേഷം ഓടിമറയുകയായിരുന്നെന്ന് അവിടെയുണ്ടായിരുന്ന ഒരു തൂപ്പുകാരൻ മൊഴി കൊടുക്കുകയുണ്ടായി. നെഞ്ചിലും കഴുത്തിലും വെടിയേറ്റ അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും രക്ഷിക്കാൻ കഴിഞ്ഞില്ല. 1988-ൽ കുടുംബസമേതം ബയ്അത്ത് ചെയ്തയാളായിരുന്നു. കറാച്ചിയിലായിരുന്നു ജോലി. സമസൃഷ്ടികളെ സഹായിക്കുന്നതിൽ വ്യാപൃതനായിരുന്നു. നമസ്കാരത്തിനു പോകുമ്പോൾ പരിസരവാസികളേയും വിളിച്ചുകൊണ്ടുപോകുമായിരുന്നു. അദ്ദേഹം വളരെ മനോഹരമായ ഒരു പള്ളി നിർമ്മിച്ചിട്ടുണ്ട്. അദ്ദേഹം മൂസിയായിരുന്നു. റബ്‌വയിലെ ബിഹിശ്തി മഖ്ബറയിലാണ് ഖബറടക്കിയത്. ഭാര്യയും രണ്ട് പെൺമക്കളും അഞ്ച് ആൺമക്കളുമുണ്ട്. അല്ലാഹു അവർക്ക് ക്ഷമ പ്രദാനം ചെയ്യട്ടെ. തങ്ങളുടെ പിതാവിന്റെ മാതൃകാജീവിതം തുടർന്നുകൊണ്ടുപോകാൻ അവർക്ക് ഭാഗ്യം നല്കുമാറാകട്ടെ. നമസ്കാരത്തിനുശേഷം ജനാസ നമസ്കരിക്കുന്നതാണ്.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 29.2.2008 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala